പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1932 17.12.2012 ലെ മറുപടിക്ക്

## എയർ കേരള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ: | | ശ്രീ. കെ.ബാബു.<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | എയർ കേരള പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | ഇല്ല. എയർ കേരള ഇന്റർനാഷണൽ സർവ്വീസസ് ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് Ernest and Young എന്ന കൺസൾട്ടന്റുകൾ 2006 ൽ സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് പുനരവലോകനം ചെയ്ത് പുതുക്കുന്നതിന് അവരെ തന്നെ നിയമിച്ചിട്ടുണ്ട്. 2012 ഡിസംബർ മാസം പകുതിയോട് കൂടി പുതുക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് അവരിൽ നിന്നും പ്രതീക്ഷിക്കുന്നു. |
| (ബി) | എങ്കിൽ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയും; | (ബി) | 2013 അവസാനത്തോടെ. |
| (സി) | നിലവിൽ പ്രസ്തുത പദ്ധതിക്ക് എന്തെങ്കിലും തടസ്സങ്ങളുണ്ടോ? | (സി) | ഉണ്ട്. പദ്ധതി നടപ്പിലാക്കാൻ കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര പ്രവൃത്തി പരിചയവും കുറഞ്ഞത് 20 വിമാനങ്ങളും വേണമെന്ന കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് ഇളവ് ലഭ്യമാക്കേണ്ടതുണ്ട്. ടി ഇളവുകൾക്കായി കേന്ദ്ര വ്യോമയാന മന്ത്രിക്ക് മുഖ്യമന്ത്രി കത്ത് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ